**പതിമൂന്നാം കേരള നിയമസഭ**
**പതിനൊന്നാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 5336 — 01.07.2014-ലെ മറുപടിയ്ക്ക്

## സഹകരണ സമുച്ചയ നിർമ്മാണ ഫണ്ട്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.സി.കൃഷ്ണൻ | ശ്രീ.സി.എൻ.ബാലകൃഷ്ണൻ (സഹകരണവും ഖാദിഗ്രാമ വ്യവസായവും വകുപ്പ് മന്ത്രി) |
| (എ) തിരുവനന്തപുരത്ത് സഹകരണ സമുച്ചയം നിർമ്മാണത്തിന് സഹകരണ സംഘങ്ങളിൽ നിന്ന് സംഭാവന പിരിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; ഉത്തരവ് ലഭ്യമാക്കാമോ; | (എ) തിരുവനന്തപുരത്ത് സഹകരണ സംഘം രജിസ്ട്രാർ ആഫീസിന് ആസ്ഥാന മന്ദിരം നിർമ്മിക്കുന്നതിന് സഹകരണസംഘം രജിസ്ട്രാറുടെ ഭരണ നിയന്ത്രണത്തിലുള്ള സഹകരണ സ്ഥാപനങ്ങളിൽ നിന്നും, ഇതര ഫങ്ഷണൽ രജിസ്ട്രാർമാരുടെ നിയന്ത്രണത്തിൽ പ്രവർത്തിച്ചുവരുന്നതായ വ്യവസായ സഹകരണ സംഘങ്ങൾ, ഖാദി സഹകരണ സംഘങ്ങൾ, ഫിഷറീസ് സഹകരണ സംഘങ്ങൾ, ഹാന്റ്‌ലൂം സഹകരണ സംഘങ്ങൾ, ക്ഷീര സഹകരണ സംഘങ്ങൾ തുടങ്ങിയ സ്ഥാപനങ്ങളിൽ നിന്നും സംഭാവന സ്വീകരിക്കുന്നതിന് സഹകരണ സംഘം രജിസ്ട്രാർക്ക് അനുമതി നൽകിക്കൊണ്ട് 22.7.2013 ലെ സ.ഉ.(സാധാ) നം.479/2013/സഹ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പകർപ്പ് അനുബന്ധമായി ചേർക്കുന്നു. |

(ബി) സഹകരണ സമുച്ചയ നിർമ്മാണ ഫണ്ടിലേക്ക് സഹകരണ സംഘങ്ങളിൽ നിന്നും ഇതുവരെയായി എത്രരൂപ പിരിഞ്ഞു കിട്ടിയിട്ടുണ്ടെന്ന് ജില്ലാ അടിസ്ഥാനത്തിൽ വിശദമാക്കാമോ;

(ബി) സഹകരണ ആസ്ഥാന മന്ദിര നിർമ്മാണ ഫണ്ടിലേക്ക് സഹകരണ സംഘങ്ങളിൽ നിന്നായി നാളിതുവരെ ആകെ 25,64,36,500/- രൂപ പിരിഞ്ഞുകിട്ടിയിട്ടുണ്ട്. ആയതിന്റെ ജില്ല തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു.

| ജില്ല | തുക (രൂപ) |
|---|---|
| തിരുവനന്തപുരം | 15335000 |
| കൊല്ലം | 21780000 |
| ആലപ്പുഴ | 11694500 |
| പത്തനംതിട്ട | 18860000 |
| കോട്ടയം | 58699000 |
| ഇടുക്കി | 10377500 |
| എറണാകുളം | 12280500 |
| തൃശ്ശൂർ | 35422500 |
| പാലക്കാട് | 35208000 |
| കോഴിക്കോട് | 6330000 |
| മലപ്പുറം | 11745000 |
| വയനാട് | 825000 |
| കണ്ണൂർ | 17129500 |
| കാസർഗോഡ് | 750000 |
| | 256436500 |

(സി) നഷ്ടത്തിൽ പ്രവർത്തിക്കുന്ന സംഘങ്ങളെ സംഭാവന നൽകുന്നതിൽ നിന്നും ഒഴിവാക്കിയിട്ടുണ്ടോ?

(സി) ആസ്ഥാന മന്ദിര നിർമ്മാണത്തിന് സംഭാവന നൽകുന്നതിന് സന്നദ്ധതയുള്ള എല്ലാ സംഘങ്ങളിൽ നിന്നും ലഭിക്കുന്ന സംഭാവനകൾ സ്വീകരിക്കുന്നുണ്ട്. സംഘങ്ങളിൽ നിന്നും നിർബന്ധപൂർവ്വം സംഭാവനകൾ വാങ്ങുന്നില്ല.

സെക്ഷൻ ഓഫീസർ

അനുബന്ധം

**കേരള സർക്കാർ**

**സംഗ്രഹം**

സഹകരണ വകുപ്പ് - ആസ്ഥാന മന്ദിരം നിർമ്മിക്കുന്നതിന് സഹകരണ സ്ഥാപനങ്ങളിൽ നിന്നും സംഭാവന സ്വീകരിക്കുന്നതിന് അനുവാദം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**സഹകരണ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.479/2013/സഹ. തീയതി, തിരുവനന്തപുരം, 22.07.2013.

പരാമർശം: 1. സഹകരണ സംഘം രജിസ്ട്രാറുടെ 29.1.13, 4.3.13 എന്നീ തീയതികളിലെ ജി(1) 24407/12 നമ്പർ കത്തുകൾ.

2. സ.ഉ(സാധാ) നം.364/2012/സഹ തീയതി 6.6.2013.

**ഉത്തരവ്**

സഹകരണ സംഘം രജിസ്ട്രാർ ആഫീസ് കഴിഞ്ഞ 44 വർഷമായി വാടക കെട്ടിടത്തിലാണ് പ്രവർത്തിച്ചു വരുന്നത്. കഴിഞ്ഞ നാല് ദശാബ്ദം കൊണ്ട് സംഘങ്ങളുടെ എണ്ണവും പ്രവർത്തനവും നൂറിരട്ടിയായി വർദ്ധിച്ചിട്ടുണ്ട്. എന്നാൽ 44 വർഷങ്ങൾക്കു മുൻപുണ്ടായിരുന്ന അതേ സൗകര്യങ്ങൾ മാത്രമാണ് ഇപ്പോഴും ഈ കെട്ടിടത്തിനുള്ളത്. ടി ആഫീസ് കൂടാതെ സംസ്ഥാന സഹകരണ തെരഞ്ഞെടുപ്പ് കമ്മീഷൻ, സഹകരണ ട്രൈബ്യൂണൽ, സഹകരണ ഓംബുഡ്സ്മാൻ എന്നീ സംസ്ഥാനതല ആഫീസുകളും, സഹകരണ പരീക്ഷാ ബോർഡ്, പെൻഷൻ ബോർഡ്, നിക്ഷേപ സുരക്ഷാ ബോർഡ്, സഹകരണ ഡെവലപ്മെന്റ് ഫണ്ട് ബോർഡ്, വെൽഫയർ ഫണ്ട് ബോർഡ് എന്നീ ആഫീസുകളും, തിരുവനന്തപുരത്ത് വാടക കെട്ടിടങ്ങളിലാണ് പ്രവർത്തിച്ചുവരുന്നത്. ടി ആഫീസുകളെല്ലാം പ്രവർത്തിക്കുന്നതിന് സഹകരണ വകുപ്പിന് സ്വന്തമായൊരു കെട്ടിടം വേണമെന്ന ആവശ്യം പ്രസ്തുത സാഹചര്യത്തിൽ ഉരുത്തിരിയുകയും ടി ആഫീസുകൾക്ക് അവയുടെ ഭാവിയിലെ പ്രവർത്തന വൈപുല്യം കൂടി കണക്കിലെടുത്ത് കൊണ്ട് പ്രവർത്തിക്കുന്നതിനാവശ്യമായ സ്ഥലസൗകര്യമുള്ള ഒരു കെട്ടിട സമുച്ചയത്തിന്റെ നിർമ്മാണം അനിവാര്യമാണെന്നും ടി സമുച്ചയം നിർമ്മിക്കുന്നതിന് സർക്കാർ അനുവദിച്ചു നൽകിയിട്ടുള്ള സ്ഥലത്ത്, കെട്ടിട നിർമ്മാണ ചട്ടങ്ങൾ പ്രകാരം അനുവദനീയമായ പരമാവധി വിസ്തീർണ്ണത്തിൽ ഒരു ബഹുനില കെട്ടിടം നിർമ്മിക്കേണ്ടതുണ്ട് എന്നതുകൊണ്ടും ഇത്രയും വലിയൊരു പദ്ധതിക്ക് ഭാരിച്ച ഒരു തുക ആവശ്യമായിട്ടുണ്ട് എന്നതിനാലും

സർക്കാർ ധനസഹായത്തിൽ നിന്നു മാത്രം ഇതിലേക്കായുള്ള തുക കണ്ടെത്താൻ കഴിയുകയില്ലായെന്ന് സഹകരണ സംഘം രജിസ്ട്രാറുടെ പരാമർശിത കത്തുകളിൽ ബോധിപ്പിച്ചിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ സഹകരണ സംഘം രജിസ്ട്രാറുടെ നിയന്ത്രണത്തിലുള്ള സഹകരണ സ്ഥാപനങ്ങളിൽ നിന്നും ഇതര ഫംഗ്ഷണൽ രജിസ്ട്രാർമാരുടെ നിയന്ത്രണത്തിൽ പ്രവർത്തിച്ചു വരുന്നതായ വ്യവസായ സഹകരണ സംഘങ്ങൾ, ഖാദി സഹകരണ സംഘങ്ങൾ, ഫിഷറീസ് സഹകരണ സംഘങ്ങൾ, ഹാന്റ്‌ലൂം സഹകരണ സംഘങ്ങൾ, ക്ഷീര സഹകരണ സംഘങ്ങൾ തുടങ്ങിയ സ്ഥാപനങ്ങളിൽ നിന്നും, മന്ദിര നിർമ്മാണത്തിനുള്ള തുക കണ്ടെത്തുന്നതിന്, സംഭാവന സ്വീകരിക്കുന്നതിന് സഹകരണ സംഘം രജിസ്ട്രാർക്ക് അനുമതി നൽകി ഉത്തരവാകുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം,

**പി. ജയശ്രീ**

ജോയിന്റ് സെക്രട്ടറി.

സഹകരണ സംഘം രജിസ്ട്രാർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ), കേരള, തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

സെക്ഷൻ ഓഫീസർ